# വചനവിചിന്തനം - 2010 മാർച്ച് 7, ഞായർ

മത്തായി 21 : 33 - 46.

''കർത്താവിന്റെ മുന്തിരിത്തോട്ടം''പഴയനിയമത്തിലെ സംസാരിക്കുന്ന ചിത്രമാണ്. കാരണം ഈ ഒരു പരികല്പന കേൾക്കുമ്പോൾതന്നെ ഇസ്രായേൽ എന്ന മുന്തിരിത്തോട്ടവും, ദൈവം എന്ന അതിന്റെ ഉടമയും, തോട്ടവും, പ്രതീക്ഷിച്ച ഫലം പുറപ്പെടുവിക്കാതെ വരുമ്പോൾ ഉടമയുടെ നൊമ്പരങ്ങളുമെല്ലാം നമ്മുടെ ഓർമ്മകളിൽ ജീവനുള്ള ചിത്രങ്ങളായി ഇതൾ നിവർക്കുന്നുണ്ട്. (ഏശയ്യാ 5:) ഇതിലപ്പുറം എന്താണു ഞാൻ എന്റെ മുന്തിരിത്തോട്ടത്തിന് ചെയ്യേണ്ടിയിരുന്നത് എന്നു ചോദിക്കുമ്പോൾ (ഏശയ്യാ 5:4) നട്ടു നനച്ചു വളർത്തിയ ഒരു തോട്ടമുടമയുടെ നിഷ്ഫലമായ കരുതലിന്റെ ഇടയഗീതമാണത്.

ഈ കഥ ക്രിസ്തുവിലൂടെ വീണ്ടും ജീവൻ തേടുകയാണ് തന്റെ തോട്ടം കൃഷിക്കാരെ ഏൽപ്പിച്ചിട്ട് ഫലം ശേഖരിക്കാൻ ഭൃത്യന്മാരെ അയയ്ക്കുന്നു.(മത്തായി 21 ) അവരെ ഉപദ്രവിക്കുകയും തിരിച്ചയയ്ക്കുകയും ചെയ്യുമ്പോഴും ഉടമയുടെ മനസ്സ് ഇങ്ങനെയാണ് യുക്തി വിചിന്തനം നടത്തുക : ഇനി ഒരുപക്ഷേ എന്റെ ഭൃത്യന്മാരെ തിരിച്ചറിയാത്തതുകൊണ്ടാവുമോ അവർ ഇങ്ങനെ ചെയ്തത് ? അതിനപ്പുറം ദുഷ്ടത അവർക്കുണ്ടെന്ന് ചിന്തിക്കാൻ തോട്ടമുടമയ്ക്ക് പറ്റുന്നില്ല. അതുകൊണ്ടാണ് അവൻ സ്വന്തം പുത്രനെ അയയ്ക്കുന്നത്. അപ്പോൾ മാത്രമാണ് ദുര മൂത്ത കൃഷിക്കാരുടെ മനസ്സിലെ ചെന്നായ് പുറത്തു വരുന്നുള്ളു. - പുത്രനെ പിടിച്ച് ചോര കുടിച്ചു തള്ളുന്ന തലത്തിലേയ്ക്ക് എത്തി കഥയിലെ കാര്യങ്ങൾ.

തോട്ടം ഉടമ നൊമ്പരപ്പെടുകയാണ് ;
ചോരവലിച്ചു കുടിച്ചു കൊഴുത്തൊരീ ചില്ലയിൽ എങ്ങിനെ കാട്ടു മുന്തിരി കുലകളും കായ്കളും ?
''ഇത് നിനക്കായ് '' എന്ന ജോയി ചെഞ്ചേരിയച്ചന്റെ ദിവ്യകാരുണ്യ ഗീതകത്തിലെ ക്രിസ്തു വിലാപം പോലെ ;

പരമ്പരാഗതമായി പറയപ്പെട്ട വ്യാഖ്യാനങ്ങളുടെ അക്ഷര ശീലുകളിൽനിന്ന് അല്പം വഴിമാറി, ഒരു മരത്തണലിലിരുന്ന് കേൾക്കേണ്ട കഥയാണിത് - പരസ്ഥിതിയുടെ തണൽ മരങ്ങൾക്കു താഴെനിന്നു രൂപപ്പെടുത്തേണ്ട ധ്യാനം.

ഈ പ്രപഞ്ചം നിന്റെ സൂക്ഷത്തിനേൽപ്പിക്കപ്പെട്ടതാണ്. കൃഷിക്കാരൻ ഉടമസ്ഥനല്ല, വെറും സൂക്ഷിപ്പുകാരൻ മാത്രമാണ്.

''ഈശോ വാസ്യം ഇദം സർവ്വം.... ജഗത്യാ ...ജഗത് ''
ഈശന്റെ ആവാസത്താൽ ചരാചരങ്ങളായ ജഗത്തുമുഴുവൻ നിറഞ്ഞിരിക്കുന്നതുകൊണ്ട് ത്യജിച്ചുകൊണ്ടേ ഭുജിക്കാവൂ എന്ന് ഈശോ വാസ്യ ഉപനിഷദ്. പ്രപഞ്ചത്തോടൊപ്പമാണ് മനുഷ്യനും പരിണാമപ്രക്രിയയിൽ ദൈവോന്മുഖമായി ചരിക്കുന്നതെന്നും ഒടുവിൽ ദൈവ മേഖലയിൽ എത്തിച്ചേരുന്നതെന്നും ഷർദാന്റെ ദൈവശാസ്ത്ര ചിന്ത. മണ്ണിനെയും, ഒരുതുണ്ടു മണ്ണിനു വേണ്ടി മനുഷ്യനെയും ഒരിക്കലും മുറിപ്പെടുത്തരുതെന്ന് ജീവിതപാഠം.

എന്നിട്ടും, ഈ മരത്തണലിലിരുന്നു നോക്കുമ്പോൾ ; വരണ്ടുണങ്ങിയ പുഴയുടെ നെഞ്ചിലൂടെ പ്രകൃതിയുടെ സങ്കടങ്ങൾ ചാലു കീറുന്നതറിയാതെ, ദുര മൂത്ത മനുഷ്യർ തീരം പോലും പകുത്തു വിൽക്കുകയാണ്.

വനത്തിന്റെ ഹരിതസമൃദ്ധിയൊഴിഞ്ഞ് അവിടമാകെ തരിശു നിലമായി മാറുമ്പോൾ നഗ്നയാക്കപ്പെടുന്ന മാതൃനൊമ്പരങ്ങൾക്കു ചെവികൊടുക്കാതെ അവൾക്കു വേണ്ടി ലേലം വിളിക്കുന്ന മക്കളുടെ വേഷപ്പകർച്ചകൾ....

ഈ മണ്ണു മുഴുവൻ എന്റെ സ്വന്തമാക്കണം എന്നു ശഠിക്കുന്ന കൃഷിക്കാർ.... സൂക്ഷിപ്പുകാരല്ല കയ്യേറ്റക്കാരാണ്. അവരുടെ മനസ്സാണ് ഇന്നത്തെ പ്രത്യയശാസ്ത്രം - അത് ഈ നാട് ഭരിക്കുകയാണ്. അതിനുവേണ്ടി ആരെ ഉപദ്രവിക്കാനും, ആരെ കൊല്ലാനും, ആർക്കും -ദൈവപുത്രനുപോലും വിലയിടാനും തുനിയുമ്പോൾ തോട്ടം ഉടമ നൊമ്പരപ്പെടുകയാണ്.

ഇനി ആ കൃഷിക്കാരെ അവൻ എന്തുചെയ്യും? സുനാമിയും ഭൂകമ്പങ്ങളുമൊക്കെ മനുഷ്യന്റെ ദുരാസക്തിക്കുമേൽ ദൈവത്തിന്റെ വിധിതീർപ്പുകളാണ്. കയ്യേറ്റത്തിന്റെ അസുരതാളങ്ങൾ തിമിർക്കുന്ന ഈ കാലഘട്ടത്തിൽ ദൈവം നമ്മിൽനിന്നാവശ്യപ്പെടുന്ന ഫലം പങ്കുവയ്ക്കലിന്റേതാണ് - നീതിപൂർവ്വകമായ ഒരു പങ്കുവയ്ക്കൽ : ദൈവത്തിന്റേത് ദൈവത്തിന് ; സഹോദരന്റേത് അവനുവേണ്ടിയും.

ദൈവം നിന്നിൽ നിന്നാഗ്രഹിക്കുന്നത് ദൈവത്തിനു കൊടുത്തേ മതിയാകൂ. നിന്റെ മണ്ണോ, കൃഷിയോ ആസക്തികളോ ഫലമന്വേഷിക്കുന്ന ദൈവത്തിനു നല്കേണ്ടതു നല്കാൻ തടസ്സമാകരുത്. അവനുവേണ്ടി മാറ്റിവയ്ക്കേണ്ട മണിക്കൂറുകളുടെ ദശാംശമാണ് സാബത്ത് - ഒരു ഞായറാഴ്ച ആചരണം. സഭ കൂദാശകളിലൂടെ വരപ്രസാദത്തിന്റെ ചാലു കീറുമ്പോൾ നിന്റെ ഹൃദയത്തിലേയ്ക്ക് അതൊഴുകാൻ തടസ്സമാകുന്ന യുക്തികളുടെ തടയണ പണിയരുത്. നിന്റെ ആസക്തികൾക്കുമേൽ, മണ്ണിലോ - മനസ്സിലോ നീ ഒളിപ്പിച്ചു വച്ചിരിക്കുന്നതാകാം - ദൈവത്തിന്റെ ചൈതന്യം നിറഞ്ഞ് അന്ധകാരമകറ്റുക(ഉല്പത്തി. 1:).

സഹോദരന്റെ ഓഹരി അവന് അർഹതപ്പെട്ടതാണ് - ഒരു ഇത്തിരി മണ്ണുവീതം വയ്ക്കുന്നിടത്തുനിന്ന് അപൂർവ്വമായേ കലഹം ഒഴിഞ്ഞു നിന്നിട്ടുള്ളു... - അവിടെ മുറിക്കപ്പെടുന്നത് മണ്ണല്ല - ആരുടെയൊക്കെയോ ഹൃദയങ്ങളാണ്. വീതം വയ്ക്കപ്പെടുന്നത് ബന്ധങ്ങളാണ്. പിന്നെ കുറെ കണ്ണീരും, ശാപങ്ങളും - ഏതാനും പേരുടെ രക്തവും. സഹോദരന്റെ രക്തം മണ്ണിൽ വീണാൽ അവിടെ വളരുന്നതോ തലമുറകൾ കഴിഞ്ഞാലും വാടിപ്പോകാത്ത വിദ്വേഷത്തിന്റെ ഇത്തിൾക്കണ്ണികളും, അസൂയയുടെ മുള്ളുകളും. നാബോത്തിന്റെ മുന്തിരിത്തോട്ടം പോലെ എന്തു ചതിയിലൂടെയും അതു സ്വന്തമാക്കാൻ ഒരുങ്ങുന്നവരുടെ ജീവിതവഴികളിലെ ചോരച്ചാലുകൾ !

തോട്ടവും മണ്ണുമൊക്കെ മുമ്പ് എന്നത്തേതിനേക്കാളും മനുഷ്യനെ ഭ്രമിപ്പിക്കുന്ന ഇക്കാലത്ത് നമ്മൾ പുലർത്തേണ്ട ഒരു ധാർമ്മികതയെക്കുറിച്ചാണ് വചനചിന്ത. തോട്ടം ഉടമ ദൈവമാണെന്നും അതിന്റെ സൂക്ഷിപ്പുകാരനായ നീ ദുരമൂത്ത് അതിനെ സ്വന്തമാക്കി ദൈവത്തെ കുടിയിറക്കാൻ ഒരുമ്പെടരുത് എന്നും ഓർമ്മിപ്പിക്കാൻ.

**ഫാ. അലക്സ് വേലച്ചേരിൽ.**